(ബി&സി) 2011-12 സാമ്പത്തിക വർഷം, നിലയ്ക്കാമുക്ക്, പള്ളിപ്പാട്, പീരുമേട്, തൂക്കുപാലം, പെരിഞ്ഞനം, വടക്കാഞ്ചേരി, കൂറ്റനാട്, പെരിന്തൽമണ്ണ, ചാത്തമംഗലം, ചെറുകുന്ന്, പുതക്കുളം, കുന്നത്തൂർ, കൂത്തുപറമ്പ്, കൊടുവള്ളി എന്നീ സ്ഥലങ്ങളിലായി പുതിയ 14 ഐ.ടി.ഐ.-കൾ കൂടി ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

പള്ളിപ്പാട് പഞ്ചായത്തിൽ ഐ.ടി.ഐ.

63(2315) ശ്രീ. ബി. ബാബുപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് നിയോജക മണ്ഡലത്തിലെ പള്ളിപ്പാട്ട് പഞ്ചായത്തിൽ ഒരു ഐ.ടി.ഐ. അനുവദിക്കണം എന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഐ.ടി.ഐ.-യുടെ കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) സ്വന്തമായി സ്ഥലസൗകര്യമുണ്ടെങ്കിൽ ഐ.ടി.ഐ. തുടങ്ങുന്നതിന് മുൻഗണന നൽകും എന്ന സർക്കാർ നയം പള്ളിപ്പാട് ഐ.ടി.ഐയുടെ കാര്യത്തിൽ പാലിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) 2011-12 വർഷം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഐ.ടി.ഐ.-കളുടെ കൂട്ടത്തിൽ പള്ളിപ്പാടും ഉൾപ്പെടുന്നു.

സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

64(2316) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ നിയോജക മണ്ഡലത്തിൽ എത്രപേരാണ് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) ഇതിന്റെ പഞ്ചായത്തുതല വിശദാംശം വ്യക്തമാക്കുമോ ;

(സി) പദ്ധതിപ്രകാരം ചികിത്സ തേടാവുന്ന സ്വകാര്യ ആശുപത്രികൾ മണ്ഡലത്തിലുണ്ടോ ; വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) 11,570 കുടുംബങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

(ബി)

ക്രമ നമ്പർ	പഞ്ചായത്ത്	കുടുംബങ്ങൾ
1	അരിമ്പൂർ	1904
2	മണലൂർ	1751
3	ചൂണ്ടൽ	932
4	കണ്ടാനശ്ശേരി	520
5	ഇലവള്ളി	826
6	മുല്ലശ്ശേരി	1547
7	വാടാനപ്പള്ളി	1471
8	പാവറട്ടി	670
9	നൈനക്കാട്	403
10	വെങ്കിടങ്ങ്	1546

(സി) നിലവിൽ പദ്ധതി പ്രകാരം ചികിത്സ തേടാവുന്ന സ്വകാര്യ ആശുപത്രികൾ ഈ മണ്ഡലത്തിന്റെ പരിധിയിൽ ഇല്ല.

കോഴിക്കോട് ജില്ലയിലെ ആർ.എസ്.ബി.വൈ. പദ്ധതി

65(2317) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.എസ്.ബി.വൈ. ഇൻഷ്വറൻസ് പദ്ധതിയിൽ എം.ഒ.യു. ഒപ്പുവച്ച പല സ്വകാര്യ ആശുപത്രികളും ഈ പദ്ധതിയിൽ നിന്നും പിൻമാറാൻ ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കോഴിക്കോട് ജില്ലയിലെ ഏതൊക്കെ സ്വകാര്യ, സഹകരണ ആശുപത്രികൾ എം.ഒ.യു. ഒപ്പുവച്ചിരുന്നു എന്നും ഇപ്പോൾ ഏതൊക്കെ സ്ഥാപനങ്ങൾ ഈ പദ്ധതിയിലുണ്ട് എന്നും വ്യക്തമാക്കുമോ ;

(സി) നവജാത ശിശുക്കൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം അനുവദിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ നവജാതശിശുക്കൾക്കു കൂടി ഈ ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly